# അന്വേഷി

[ഡോ. ജോയ് ടി. കുഞ്ഞാപ്പു, ***D.Sc., Ph.D.***]

എന്നാണ് ഒഴിയാബാധയായി
വായുവിൽ പൊങ്ങായിയൊഴുകി
പൊട്ടാത്ത ഖരകുമിളയായി
വിളറാത്ത ഉൾസ്ഫോടനദ്രവ്യമായത്?
പദാർത്ഥവും വ്യക്തിയും വചനവും
സ്ഥാനവും മാനവും സ്ഥലവും സ്ഥൂലവും
ജോഡിയാക്കി തരംതിരിക്കുന്ന യുഗ്മഗാനം
എണ്ണിപ്പെറുക്കി സംഘമായ് കരയുന്ന
കളിക്കോപ്പു മുറുക്കുന്ന താക്കോലിണകൾ!

ഇരട്ടച്ചോദ്യങ്ങളുടെ അന്ത്യഫലം:
ഒന്നുകിൽ വേരറുത്ത ഒരൊറ്റക്കൊല്ലി
അല്ലായ്കിൽ ഇരട്ടിപ്പിന്റെ കഠിനതയിൽ
പാർശ്വഫലമായി വിരിഞ്ഞു തെളിയുന്ന
അവശേഷിക്കാത്ത പൂജ്യോത്തരം.

ഉത്തരപ്രസക്തിയുടെ യഥാതഥാന്വേഷണം
വിരൽ ചൂണ്ടുന്ന നിയന്ത്രണ ദണ്ഡേത്?
ആർക്കറിയാം!
താങ്കൾക്കറിയാമോ?
പരത്തിപ്പരതി പനമ്പിലിട്ട്
പുഴുക്കുനെല്ലുണക്കുന്ന
പേടിയുടെ കരിന്തുണി തൂക്കി
കാക്കയാട്ടിന്റെ കാത്തിരിപ്പിൽ
ജയ ജയ ജയ
ജയ ജയ ജീവിതം!
*****************************************************************************